GLPS KURUVA (THOTTAKKARA)
WISDOM ENRICHES
Estd: 1925

# പൂമൊട്ട്

## e-magazine

**വിടരാൻ കൊതിക്കുന്ന ഒരു കൂട്ടം**

**പൂമൊട്ടുകളുടെ സർഗരചനകൾ**

**KURUVA**

**GLPS**

**ഒന്നാം ക്ലാസ്**

**ഒന്നാന്തരം**

# മുഖമൊഴി

പുത്തനുടുപ്പും ബാഗും പുസ്തകങ്ങളുമായി അറിവിൻ മുത്തുകൾ പെറുക്കിയെടുക്കാൻ കൊതിച്ചിരുന്ന കുഞ്ഞുമക്കൾക്കിടയിലേക്കാണ് സ്കൂൾ തുറക്കില്ലെന്ന വാർത്ത വന്നത്. കൊറോണ വൈറസ് വീട്ടിൽ തളച്ചിട്ട ഇളം മനസ്സുകൾക്ക് ഒരാശ്വാസമായിട്ടാണ് ഓൺലൈൻ ക്ലാസുകളുടെ വരവ്. സ്ക്രീനിലൂടെ മാത്രം കണ്ട് പരിചയിച്ച  ക്ലാസുകളിലൂടെ അവർ നേടിയ കുഞ്ഞറിവുകളും കാഴ്ചകളുമാണ് ഈ

കൊച്ചുരചനകളിൽ
പ്രതിഫലിക്കുന്നത്.
പോരായ്മകൾ ഉണ്ടാകാം
എന്നാലും അവരുടെ
മുന്നോട്ടുള്ള പ്രയാണത്തിന്
ഇതൊരു പ്രചോദനമാകട്ടേ....

എഡിറ്റർ

സക്കീന . എം ടി

ജിഎൽപിഎസ് കുറുവ

# സന്ദേശം



നമ്മുടെ സ്ക്കൂളിലെ ഒന്ന് സി ക്ലാസിലെ കുഞ്ഞുമക്കളുടെ കഥകളും കവിതകളും ചിത്രങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ "പൂമൊട്ട് " ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

ശ്രീ.അബ്ദുൾ നാസർ

(എച്ച്.എം ഇൻചാർജ്)

ജിഎൽപിഎസ് കുറുവ

## സന്ദേശം



പ്രിയരേ,

കഥയും, കവിതയും, ചിത്രവും മറ്റ് രചനകളും കൊണ്ട് ഇ-മാഗസിന് സൗന്ദര്യവും സൗരഭ്യവും പകർന്നു നൽകിയ എല്ലാ കൊച്ചു പൂമൊട്ടുകൾക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ. നവമാധ്യമത്തിൽ ഇത്തരം സർഗാത്മക പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കി കുട്ടികളോടൊപ്പം സഞ്ചരിക്കുന്ന കുറുവ ഗവ.എൽ.പി സ്കൂളിലെ അധ്യാപികക്കും രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ.

വേണു പാലൂർ (പുരോഗമന കലാസാഹിത്യ സംഘം മലപ്പുറം ജില്ലാ സെക്രട്ടറി)

# സന്ദേശം

ഈ മഹാമാരിയുടെ കാലത്ത് പരസ്പര സാമീപ്യമില്ലായ്മയുടെ അസ്വസ്ഥത ഏറ്റവുമധികം അനുഭവിക്കുന്ന വിഭാഗമാണ് അദ്ധ്യാപകരും കുട്ടികളും.തൻ്റെ പുതിയ ക്ലാസിലെ കുഞ്ഞു മക്കളുടെ കളിയും ചിരിയും പരിഭവങ്ങളും പരാതികളും നിറഞ്ഞ നിഷ്കളങ്ക മുഖങ്ങളെ അടുത്ത് അനുഭവിക്കാത്ത അദ്ധ്യാപകരും മാതാപിതാക്കൾക്കൊപ്പം സമൂഹം സ്ഥാനം നൽകിയിട്ടുള്ള സ്വന്തം അദ്ധ്യാപകരുടെ സ്നേഹവും വാത്സല്യവും അടുത്ത് നിന്ന്ഏറ്റുവാങ്ങാനാവാത്ത കുട്ടികളും ഈ ആതുര കാലത്തെ അതിജീവിക്കാനുള്ള നിരന്തര ശ്രമത്തിലാണല്ലോ. ഈ അവസരത്തിൽ ഒന്നാം ക്ലാസിലെ കുഞ്ഞു

കലാകാരൻമാരെയും കലാകാരികളെയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തയാറാക്കുന്ന "പൂമൊട്ട്" എന്ന e മാഗസിൻ ഈ കുഞ്ഞു മക്കളുടെ ഉള്ളിൽ  മറഞ്ഞു കിടക്കുന്ന കലാ, സാഹിത്യാദിരുചികളെ തട്ടിയുണർത്തി പൂ പോലെ വിടർന്ന് പരിലസിച്ച് ചുറ്റും സുഗന്ധം പടർത്താനുള്ള ഒരു ചവിട്ടുപടിയാകട്ടെ എന്ന് ആശംസിക്കുന്നു. ഇതിന് നേതൃത്വം നൽകിയ സക്കീന ടീച്ചറിനും സൃഷ്ടികൾ തയാറാക്കിയ ഒന്നാം ക്ലാസ്സിലെ കുഞ്ഞു പ്രതിഭകൾക്കും അഭിനന്ദനങ്ങൾ

സ്നേഹപൂർവം

ഡെയ്സി   മഠത്തിശ്ശേരി

(വനിത സാഹിതി

സംസ്ഥാന വൈ.പ്രസി)

# ,കോഴിയമ്മയും
# കുഞ്ഞുങ്ങളും



Riza fathima KC

ഒരിടത്ത് ഒരു കോഴിയമ്മയും കുഞ്ഞുങ്ങളും ഉണ്ടായിരുന്നു. കോഴിയമ്മ കുഞ്ഞുങ്ങൾക്ക് തീറ്റ കൊടുക്കുകയായിരുന്നു. അപ്പോൾ ഒരു പാമ്പിനെ കണ്ടു. പേടിച്ചുവിറച്ച കുഞ്ഞുങ്ങളെ കോഴിയമ്മ ചിറകുകളിൽ ഒളിപ്പിച്ചു. കോ.. കോ.. ശബ്ദമുണ്ടാക്കി പാമ്പിനെ ഓടിച്ചു. കുഞ്ഞുങ്ങൾക്ക് സന്തോഷമായി.





## Shahma T



# ചാച്ചാജി..

## ചാച്ചാജി...



Mohammed Sayyan P

ഞങ്ങളെ സ്വന്തം ചാച്ചാജി...


നന്മ നിറഞ്ഞൊരു ചാച്ചാജി...

കുഞ്ഞുങ്ങൾക്ക് പ്രിയനാകും

ഞങ്ങളെ സ്വന്തം ചാച്ചാജി...

ചാച്ചാജി.. ചാച്ചാജി...

ഞങ്ങളെ സ്വന്തം ചാച്ചാജി...



# എന്റെ കേരളം



Shahma T

എന്റെ കൊച്ചു കേരളം
സുന്ദരമാം കേരളം
ഒരുമയോടെനമ്മെളെല്ലാം
പാർത്തിടുന്ന കേരളം
ഞാൻ ജനിച്ച കേരളം
ഞാൻ വളർന്ന കേരളം
പുഴകളുള്ള മലകളുള്ള
പൂക്കളുള്ള കേരളം
എന്റെ കൊച്ചു കേരളം



# MY PICTURE



Mubsim MT

There is a house


There are many trees

There are hills

Birds are flying

There are hen and chicks

There is a stream



# പൂമ്പാറ്റേ...



Anshida T

പൂമ്പാറ്റേ കൊച്ചു
പൂമ്പാറ്റേ...
ചന്തമുള്ളൊരു പൂമ്പാറ്റേ...
പുള്ളികളുള്ളൊരു പൂമ്പാറ്റേ...
തേൻ കുടിക്കും പൂമ്പാറ്റേ...
എന്തൊരഴക് നിൻ ചിറക്
ഇത്തിരി ചന്തം എനിക്കും താ
പൂമ്പാറ്റേ കൊച്ചു പൂമ്പാറ്റേ...



# എന്റെ റോസാപ്പൂ



Fathima Majida K

റോസാപ്പൂ കാണാൻ നല്ല ചന്തം ഉണ്ട്. അത് പലനിറത്തിലും കാണാം.കൂടുതലും റോസ് നിറമാണ്. പൂവിന് നല്ല മണമുണ്ട്. തണ്ടിൽ മുള്ളുകൾ ഉണ്ട്. എനിക്ക് ഏറ്റവും ഇഷ്ട്ടപ്പെട്ടപൂവാണ് റോസ്.






Sanha P











Mohammed Zaihan P

## കുഞ്ഞിക്കോഴി

ഞാൻ വരച്ച കോഴി
എന്റെ വീട്ടിലെ കോഴി
എന്റെ പുള്ളിക്കോഴി
കിയോം കിയോം കുഞ്ഞിക്കോഴി
എന്റെ സ്വന്തം കുഞ്ഞിക്കോഴി



# കോഴിയമ്മയും തത്തയും



Sadika P

പണ്ട് പണ്ട് ഒരു കോഴിയമ്മയും ഒരു കുട്ടിയും ഉണ്ടായിരുന്നു. അവർ സന്തോഷമായി ജീവിക്കുകയായിരുന്നു. ഒരു ദിവസം ഇവരെ കണ്ട തത്ത




അവരുടെ കൂടെ കളിക്കാൻ വരട്ടെ എന്ന് ചോദിച്ചു. പക്ഷേ കോഴിയമ്മ അതിനു സമ്മതിച്ചില്ല. ഒരു നാൾ കോഴിയമ്മയില്ലാത്ത സമയത്ത് കോഴിക്കുഞ്ഞിനെ പരുന്ത് കൊത്തി ക്കൊണ്ടുപോയി. ഇത് കണ്ട തത്ത പരുന്തിന്റെ പിന്നാലെ പറന്ന് കോഴിക്കുഞ്ഞിനെ രക്ഷപ്പെടുത്തി കോഴിയമ്മയ്ക്ക് തിരിച്ച് നൽകി. കോഴിയമ്മയ്ക്ക് സന്തോഷമായി. അവർ പിന്നീട് നല്ല കൂട്ടുകാരായി ജീവിച്ചു.





Anikhet an



# എന്റെ പോപ്പിച്ചെടി



Mohammed Eshan P

ഞാനെന്റെ ചെടിച്ചട്ടിയിൽ രണ്ട്
പോപ്പിച്ചെടികൾ നട്ടു.
ഒന്നിന്റെ കളർ റോസും മറ്റേത് ചുവപ്പും.
ഞാനതിന് എന്നും രാവിലെയും
വൈകുന്നേരവും വെള്ളം ഒഴിച്ച് കൊടുക്കും.
അതിൽ പൂവിരിഞ്ഞ് നിൽക്കുന്നത്
കാണാൻ നല്ല ഭംഗിയാണ്.

# ഞാനും എന്റെമീനും



Mohammed Eshan P

എനിക്ക് നല്ല ഇഷ്ട്ടമാണ്
മീൻ വളർത്തൽ.

ഞാൻ പറഞ്ഞപ്പോൾ ഉപ്പ
എനിക്ക് മീൻ വാങ്ങിത്തന്നു. മൂന്ന് മീനിനും മൂന്ന് നിറമാണ്, കറുപ്പും വെളുപ്പും ഓറഞ്ചും. ഞാൻ അവയ്ക്ക് ദിവസവും തീറ്റ കൊടുക്കാറുണ്ട്. എന്നിട്ടും എന്റെ കറുത്ത മീൻ എന്നെ വിട്ട് പോയി. എനിക്ക് സങ്കടമായി. ബാക്കിയുള്ളവയെ ഞാൻ നോക്കുന്നുണ്ട്.







# പൂച്ച



Fathima Shani C

വീട്ടിലുണ്ട് പൂച്ച

ചിന്നുവെന്ന പൂച്ച

പാൽ കുടിക്കും പൂച്ച

വികൃതി കാട്ടും പൂച്ച

പമ്മി നടക്കും പൂച്ച

എന്റെ കുഞ്ഞു പൂച്ച



# പെരുമഴ



Fathima Sidva P

മഴ മഴ മഴ മഴ പെയ്യുന്നു
ചറ പറ ചറ പറ പെയ്യുന്നു
കുടയുടെ മേലെ പെയ്യുന്നു
വീടിനുമീതെ പെയ്യുന്നു
കുട്ടികൾ ആർത്തു ചിരിക്കുന്നു
തോണികളൊഴുക്കി കളിക്കുന്നു



# കൊറോണ വന്നില്ലായിരുന്നെങ്കിൽ...



Mohammed Hanash A

പുതിയ ബാഗും കുടയും പിടിച്ച് എന്റെ പുതിയ

സ്കൂളിലേക്ക് പോകുവാൻ ഞാൻ കൊതിയോടെ കാത്തിരുന്നു. അപ്പോഴാണ് കൊറോണ ആയത് കൊണ്ട് സ്കൂൾ തുറക്കില്ല എന്ന് ഉമ്മ പറഞ്ഞത്. അങ്ങനെ സങ്കടപ്പെട്ടിരിക്കുമ്പോൾ ടി.വിയിൽ പുതിയ ടീച്ചർമാർ ക്ലാസെടുക്കാൻ തുടങ്ങി. ഫോണിൽ ടീച്ചർക്ക് അയച്ച് കൊടുക്കുന്ന ചിത്രങ്ങൾക്കും എഴുത്തിനും ടീച്ചർ ഗുഡ്സും ശരിയും തരുന്നുണ്ട്. എന്നാലും എന്റെ സങ്കടം മാറിയിട്ടില്ല.

എന്റെ കൂട്ടുകാരൊത്ത് കളിക്കുവാനും

എന്റെ പുതിയ ടീച്ചറെ കാണുവാനും

ഇനിയെങ്കിലും എന്റെ സ്കൂളൊന്ന് തുറന്ന് കിട്ടിയിരുന്നെങ്കിൽ....

എന്ന് മാറും ഈ കൊറോണ.....





# Faiha Shaerin P



# ആന



Anisha sherin K

ആന വരുന്നേ ആന
കറുകറുത്തൊരാന
പൊണ്ണത്തടിയൻ ആന
തുമ്പിക്കയ്യൻ ആന
ചിന്നംവെന്ന ആന





# വീട്

Fathima Arshida KP

ഞങ്ങളുടെ വീട് ചെറിയ വീടാണ്.

കാണാൻ നല്ല രസമുണ്ട്.

ഞങ്ങളുടെ വീട്ടിൽ മുത്തച്ഛനും മുത്തശ്ശിയും ഉണ്ട്. മുത്തശ്ശി ഒരുപാട് കഥ പറഞ്ഞ് തരും. എനിക്കൊരു താത്തയും അനിയനുമുണ്ട്. ഞാനൊരു ചെറിയ പൂന്തോട്ടമുണ്ടാക്കിയിട്ടുണ്ട്. അതിലെ പൂക്കളിൽ പൂമ്പാറ്റകൾ തേൻ കുടിക്കാൻ വരാറുണ്ട്.





## Eshan P








**Fathima Hiba KK**



# ചാച്ചാജി



Fathima Ajsha

നവംബർ മാസം പതിനാല്

ചാച്ചാജിയുടെ ജന്മദിനം

ശിശുദിനമാണേ ഈ ദിവസം

വെള്ളയുടുപ്പിൽ റോസാപ്പൂ

അണിഞ്ഞൊരുങ്ങിയ ചാച്ചാജി

ഞങ്ങടെ സ്വന്തം ചാച്ചാജി






Rishla





Majida







Fathima shifna P





## മഞ്ഞപ്പൂവ്   മത്തൻപൂവ്

Nasila KT

**വള്ളിയിൽ വളരും മത്തൻ**

**വേലിയിൽ പടരും മത്തൻ**

**സദ്യയിലെല്ലാം കേമൻ മത്തൻ**

**ഓണപ്പൂവിന് മുമ്പൻ മത്തൻ പൂവ്**

**എന്തൊരു മധുരം ചക്കരമത്തൻ**

**എന്തൊരു ചന്തം**
**വീട്ടിലെ മത്തൻ**



# മഴവില്ല്



അഴകേറുന്നൊരു മഴവില്ല്

ഏഴുനിറത്തിൽ മഴവില്ല്


ആകാശത്തിലെ മഴവില്ല്

എന്തൊരു ചന്തം മഴവില്ല്

എന്നോടൊത്ത് കളിക്കാൻ വാ

ചക്കരയുമ്മ തരാലോ ഞാൻ

Mohammed Hashim



# തത്തമ്മ



Shinad p

സുന്ദരിപ്പെണ്ണ് തത്തമ്മ

പച്ചയുടുപ്പിട്ട തത്തമ്മ

ചുണ്ട് ചുവന്നൊരു തത്തമ്മ

സംസാരിക്കും തത്തമ്മ

പഴം തിന്നും തത്തമ്മ

എന്റെ പൊന്നു തത്തമ്മ

ചങ്ങാതിയാം തത്തമ്മ



# My pet



Sanha P

I have a duckling

It’s very beautiful



Its name is chinnu

Its colour is yellow

Its sound is quack quack

She likes water

# വള്ളി (ി)

'പന'യുടെ  പിന്നിൽ വള്ളി കൊടുത്താൽ

പനി വരുമമ്മേയെന്നുണ്ണി

'കട' യെഴുതീട്ടൊരു വള്ളി കൊടുത്താൽ

കടി കിട്ടൂലേ എന്നുണ്ണി

'പട്ട' യ്ക്കൊരു ചെറുവള്ളി കൊടുത്താൽ

പട്ടികടിക്കും എന്നുണ്ണി

'അട' യെഴുതീട്ടൊരു വള്ളി കൊടുത്താൽ

അടി കിട്ടൂലേയെന്നുണ്ണി

ഉണ്ണിക്കുസൃതികൾ കാണുമ്പോൾ

ഉള്ളിൽ ചിരിവരുമമ്മയ്ക്ക്

ഡെയ്സി ടീച്ചർ

# Childrens day videoClick here

"പൂമൊട്ട്" എന്ന ഈ മാഗസിന്റെ

പ്രവർത്തനത്തിൽ സഹകരിച്ച

സഹൃദയർക്ക് , രക്ഷിതാക്കൾക്ക്

രചനകൾ അയച്ച് തന്ന എന്റെ പൂമൊട്ടുകൾക്ക്

സർവ്വോപരി ഇതിലെ അക്ഷരങ്ങളിലൂടെ

പദയാത്രനടത്തുന്ന താങ്കൾക്ക്

നന്ദി.... നന്ദി.... നന്ദി....